"ഭരണഭാഷ മാതൃഭാഷ"

ICDS/A9-5906/21


വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 22-3-2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534


വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശുവികസന സേവനപദ്ധതി - അങ്കണവാടി കെട്ടിടവും പരിസരവും പഠനോപാധിയാക്കുന്ന പദ്ധതി - CHAYAM (Child Friendly Anganawadis Yielded through Adornment and Make over - അങ്കണവാടികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്

സൂചന:

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ അങ്കണവാടി കെട്ടിടങ്ങൾ ആകർഷകമാക്കുന്നതിനും കുട്ടികളുടെ മാനസികവും ശാരീരികവും ബൗദ്ധികവുമായ വികാസത്തിന് സഹായകമാവുന്ന രീതിയിൽ അങ്കണവാടി കെട്ടിടവും പരിസരവും ഒന്നാകെ പഠനോപാധിയാക്കി മാറ്റുന്നതിന് ചായം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ വകുപ്പ് ആലോചിക്കുന്നു. ആയതിലേക്ക് ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു ഐ.സി.ഡി.എസ് പ്രോജക്ടിൽ നിന്ന് 2 അങ്കണവാടികൾ വരെ തെരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രോജക്ടിൽ നിന്നും തെരഞ്ഞെടുക്കുന്ന 2 അങ്കണവാടികൾക്ക് 2 ലക്ഷം രൂപ വീതം വിനിയോഗിച്ച് പദ്ധതിയിൽ പ്രതിപാദിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ രൂപരേഖ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

അങ്കണവാടി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:

1. അങ്കണവാടിക്ക് കുറഞ്ഞത് 3 സെന്റ് സ്ഥലം ഉണ്ടായിരിക്കേണ്ടതും സ്വന്തമായി കെട്ടിടവും ചുറ്റുമതിലും ഉണ്ടായിരിക്കേണ്ടതുമാണ്.

2. ഔട്ട് ഡോർ പ്രവർത്തനങ്ങൾക്ക് സ്ഥല സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. ഇതിലേക്ക് 250 – 300 sq.ft സ്ഥലം ഉണ്ടായിരിക്കണം.
3. അങ്കണവാടി കെട്ടിടത്തിന് ചുരുങ്ങിയത് 600 sq.ft വിസ്തീർണ്ണം ഉണ്ടായിരിക്കേണ്ടതാണ്. ക്ലാസ് മുറിക്ക് 250 sq.ft നും 300 sq.ft നും ഇടയിൽ വിസ്തൃതി ഉണ്ടായിരിക്കണം. ആക്ടിവിറ്റി ഏര്യ/സ്ലീപിംഗ് ഏര്യയ്ക്ക് കുറഞ്ഞത് 100 sq.ft വിസ്തീർണ്ണവും ഡൈനിംഗ് ഹാളിന് കുറഞ്ഞത് 150 മുതൽ 200 sq.ft വരെ വിസ്തീർണ്ണവും ഉണ്ടായിരിക്കണം. കിച്ചൺ ആന്റ് സ്റ്റോറിന് ഏറ്റവും കുറഞ്ഞത് 150 sq.ft വിസ്തീർണ്ണവും ടോയിലറ്റുകൾക്ക് ഏറ്റവും കുറഞ്ഞത് 40 sq.ft വിസ്തീർണ്ണവും ഉണ്ടായിരിക്കണം.
4. അങ്കണവാടി നല്ല രീതിയിൽ ഫ്ലോറിംഗ് ചെയ്തത് ആയിരിക്കേണ്ടതാണ്.
5. അങ്കണവാടി പ്രവർത്തകർ സ്ഥിരനിയമനം നേടിയവരും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരും ആയിരിക്കേണ്ടതാണ്.
6. പൊതുനിരത്തിന്/കവലകൾക്ക് സമീപം സ്ഥിതിചെയ്യുന്ന മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യമുള്ള അങ്കണവാടികൾക്ക് മുൻഗണന നൽകുന്നതാണ്.

പദ്ധതിയുടെ ഭരണാനുമതിയ്ക്കായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് അങ്കണവാടികൾ തെരഞ്ഞെടുക്കുന്നത്. പദ്ധതി സർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും നവീകരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അതിന് ശേഷം മാത്രമേ നവീകരണ പ്രവൃത്തി ആരംഭിക്കേണ്ടതുള്ളൂ. മേൽ വിവരിച്ച നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് ഒരു ICDS പ്രോജക്ടിൽ നിന്ന് 2 അങ്കണവാടികൾ എന്ന അടിസ്ഥാനത്തിൽ, തെരെഞ്ഞെടുത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാരും നിശ്ചിത പ്രൊഫോർമയിൽ 27.03.2021 ന മുൻപായി പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ അവ ക്രോഡീകരിച്ച് പ്രസ്തുത പ്രൊഫോർമ 31.03.2021 ന് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

JF/21

## ഛായം പദ്ധതി 2021 – 22

## CHAYAM

### (Child Friendly Anganwadi's Yielded through Adornment and Make over)

| | | |
|---|---|---|
| 1. | അങ്കണവാടി സ്ഥിതി ചെയ്യുന്ന ജില്ല | |
| 2. | ICDS പ്രോജക്റ്റിന്റെ പേര് | |
| 3. | അങ്കണവാടി സെന്റർ നമ്പർ, വാർഡ്, പഞ്ചായത്ത് | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം/ഉത്ഘാടനം ചെയ്ത തീയതി | |
| 5. | അങ്കണവാടിക്ക് സ്വന്തമായുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം | |
| 6. | അങ്കണവാടി കെട്ടിടത്തിന് പുറത്ത് കളിസ്ഥലം ലഭ്യമാണോ ? ലഭ്യമാണെങ്കിൽ അതിന്റെ വിസ്തീർണ്ണം | |
| 7. | അങ്കണവാടി കെട്ടിടത്തിന്റെ വിസ്തീർണ്ണം (sq.ft) ൽ | |
| 8. | ക്ലാസ് മുറിയുടെ വിസ്തീർണ്ണം (sq.ft) ൽ | |
| 9. | ആക്റ്റിവിറ്റി ഏര്യ/സ്ലീപ്പിംഗ് ഏര്യയുടെ വിസ്തീർണ്ണം. | |
| 10. | ഡൈനിംഗ് ഹാളിന്റെ വിസ്തീർണ്ണം (sq.ft) ൽ | |
| 11. | കിച്ചൺ സ്റ്റോർ ഏര്യയുടെ വിസ്തീർണ്ണം | |
| 12. | ടോയിലറ്റുകളുടെ എണ്ണവും ഓരോന്നിന്റെയും വിസ്തീർണ്ണവും | |
| 13. | അങ്കണവാടി സ്ഥിതി ചെയ്യുന്ന പ്രദേശം കവല/ പൊതുനിരത്തിന് സമീപം/ഉൾപ്രദേശം | |
| 14. | വർക്കർ/ഹെൽപ്പർ/എന്നിവർ സ്ഥിരനിയമനം ലഭിച്ചവരാണോ ? | |

ശിശുവികസന പദ്ധതി ഓഫീസർ

JF/21

Towards a new dawn

# വനിതാ ശിശു വികസന വകുപ്പ്

# ChAYAM

(Child-friendly Anganvadis Yielded through Adornment and Make over)

## A proposal for renovation of Anganvadi centres

# ChAYA

(Child-friendly Anganvadis Yielded through Adornment and Make over)

## ആമുഖം

2013 ലെ ECCE പോളിസി അഥവാ ദേശീയ ശൈശവ പ്രാരംഭ കാല വിദ്യാഭ്യാസ പരിചരണ നയം, മൂന്ന വയസ്സു മുതൽ ആറ് വയസ്സു വരെയുള്ള പ്രായത്തിൽ നിരന്തര പഠനത്തിനും വികാസത്തിനും സഹായകമാവുന്ന സാഹചര്യങ്ങളും അനുഭവങ്ങളും ഉത്തേജകങ്ങളും പ്രദാനം ചെയ്യുന്ന പഠനാന്തരീക്ഷമാണ് വിഭാവനം ചെയ്യുന്നത്. എല്ലാ ജ്ഞാനേന്ദ്രിയങ്ങളുടെയും വികാസം സാധ്യമാക്കുന്നതിനും ചുറ്റുപാടുകളെ കുറിച്ച് വ്യക്തമായ ആശയ രൂപീകരണം നടത്തുന്നതിനും പഠന പരിസരം വിഭവ സമൃദ്ധവും ആകർഷകവും ആകേ തു ്.

കുഞ്ഞുങ്ങളുടെ സാമൂഹിക, മാനസിക, ആരോഗ്യ വികാസത്തിൽ വലിയ പങ്കു വഹിക്കുന്ന അങ്കണവാടി കേന്ദ്രങ്ങൾ അതിന്റെ ഓരോ ഘടകത്തിലും ശിശു സൗഹൃദപരത ഉറപ്പു വരുത്തേ തു ്. കേരളത്തിലെ അങ്കണവാടികൾ, സ്ഥലപരിമിതി എന്ന ഘടകത്തെ മറി കടന്ന് കൊ ും മാറുന്ന കാലഘട്ടത്തിനോട് അനുരൂപപ്പെട്ടും വിവിധോദ്ദേശ്യ വിഭവ കേന്ദ്രങ്ങളായി മാറേ തും അത്യാവശ്യമാണ്. കുഞ്ഞുങ്ങളുടെ ബഹോത്മുഖമായ വളർച്ചയും വികാസവും ക്രിയാത്മകതയും ഗുണപരമായ രീതിയിൽ സാധ്യമാക്കാൻ അങ്കണവാടി കെട്ടിടവും പരിസരവും അതിന്റെ എല്ലാ സാധ്യതകളേയും ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള ഒരു നവീകരണമാണ് ഈ പദ്ധതി കൊ ് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

- നിലവിലെ അങ്കണവാടികൾ ശിശു പരിപോഷണ കേന്ദ്രങ്ങൾ ആക്കൽ (child enabling centres),
- പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും ശിശു സൗഹൃദമാക്കൽ,
- പഠന കേന്ദ്രവും ചുറ്റുപാടും പഠന സാമഗ്രി ആക്കി പരിവർത്തനപ്പെടുത്തൽ,
- സ്വയം പഠനത്തിനുള്ള അനുഭവങ്ങളൊരുക്കൽ,
- സംയോജിത ശൈശവ വിദ്യഭ്യാസ അവസരം ഒരുക്കൽ,
- കാലാനുസൃതമായ സാങ്കേതികത സ്വായത്തമാക്കാൻ പരിസരമൊരുക്കൽ
- ആസ്വാദന ശേഷിയും ക്രിയാത്മകതയും വികസിപ്പിക്കുന്ന തരതിൽ കെട്ടിടം പരിവർത്തനപ്പെടുത്തൽ

## ഗുണഭോക്താക്കൾ

സ്വന്തമായി കെട്ടിടമുള്ള, ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ശരാശരി നിലവാരം പുലർത്തുന്ന, ചുരുങ്ങിയത് 3 സെന്റ് എങ്കിലും സ്ഥലമുള്ള,സ്വന്തമായി കെട്ടിടമുള്ള, ഔട്ട് ഡോർ പ്രവർത്തനങ്ങൾക്ക് സ്ഥലസൗകര്യമുള്ള അങ്കണവാടികൾ.

## പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഐ.സി.ഡി.എസ് സൂപ്പർവൈസർ കേരള സ്റ്റോർ പർചേസ് റൂൾസ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊ ് നിർവഹണം നടത്തുന്നു.

1) **ഓരോ പ്രൊജക്റ്റിൽ നിന്നും ഇത്തരത്തിലുള്ള ഓരോ അങ്കണവാടി തിരഞ്ഞെടുക്കുന്നു.** തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അങ്കണവാടിക്കും താഴെ പറയും പ്രകാരം സൗകര്യങ്ങൾ അനിവാര്യമാണ്;

**കെട്ടിടം**

അങ്കണവാടി കെട്ടിടത്തിന് ചുരുങ്ങിയത് **600**sq ft വിസ്തീർണ്ണം ഉ ായിരിക്കണം, പ്രത്യേകം ക്ലാസ്സ് മുറി (**250**sq ft - **300**sq ft), ആക്റ്റിവിറ്റി ഏരിയ / സ്ലീപിംഗ് ഏരിയ(**100**sq ft), ഡൈനിംഗ് ഹാൾ (**150**sq ft -**200**sq ft), കിച്ചൺ & സ്റ്റോർ (**150**sq ft ), ടോയിലറ്റ് 40 sq ft എന്നീ സൗകര്യങ്ങൾ ആവശ്യമാണ്.

**ഔട്ട് ഡോർ(250**sq ft **-300** sq ft )കളിസ്ഥലം ലഭ്യമാവണം.കൂടാതെ ന്യൂട്രി ഗാർഡൻ, ഫല വൃക്ഷംഎന്നിവക്കാവശ്യമായ സ്ഥല സൗകര്യവും ലഭ്യമാകണം. കുഞ്ഞുങ്ങളുടെ സുരക്ഷയെപ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള സാഹചര്യങ്ങൾ ഉ ാവരുത്. കുഞ്ഞുങ്ങളുടെയും കെട്ടിടത്തിന്റെയും സുരക്ഷക്കായി കെട്ടുറപ്പുള്ള ചുറ്റു മതിലും അത്യാവശ്യമാണ്

**സ്റ്റാഫ് .** സ്ഥിര നിയമനം നേടിയതും, മികച്ച പ്രകടനം കാഴ്ച്ച വെക്കുന്നതുമായ പ്രവർത്തകരുടെ സേവനം ലഭ്യമായ സെന്ററുകൾ ആയിരിക്കാൻ ശ്രദ്ധിക്കേ താണ്

2) **താഴെ പറയുന്ന ഓരോ ഘടകങ്ങളിലും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.**

*1. തറ*

നിലം വൃത്തിയുള്ളതാക്കൽ, പൊട്ടലില്ലാത്ത, ടൈൽ പാകൽ/ സോഫ്റ്റ് ഫ്ളോറിംഗ് ETHYLENE VINYL ACETATE ടൈൽ ) ചെയ്യൽ













***2.ചുമർ***

ചുമർ പഠനോപാധി ആക്കി മാറ്റൽ; കുട്ടികൾക്കു പഠനത്തിനുതകുന്ന ആകർഷകമായ കഥകളുടെ ചിത്രങ്ങൾ, അക്കങ്ങൾ എന്നിവ അടങ്ങുന്ന പെയിന്റിംഗ്ചുമരുകൾ, മതിൽ എന്നിവിടങ്ങളിൽ ഒരുക്കൽ












കുട്ടികൾക്ക് സ്വതന്ത്രമായി എഴുതാനും വരക്കാനും കഴിയുന്ന ഒരിടം ചുമരിൽ ഒരുക്കൽ–ബ്ലാക് ബോർഡ്, വൈറ്റ് ബോർഡ്, ആക്റ്റിവിറ്റി വാൾ ഒരുക്കൽ






*ആക്റ്റിവിറ്റി വാൾ*






***3. ഇൻഡോർ കളി ഉപകരണങ്ങൾ, Digital tools***


ആകർഷകമായ, സുരക്ഷിതമായ, ശിശു സൗഹൃദ കളി ഉപകരണങ്ങൾ ഒരുക്കൽ ; അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ, നമ്പറുകൾ, അക്ഷരങ്ങൾ എന്നിങ്ങനെ ബൗദ്ധിക വികാസം സാധ്യമാക്കുന്നതും, ചാലക–പേശീ വികാസം ഉറപ്പുവരുത്തുന്ന തരത്തിലുള്ള ഇൻ ഡോർ കളി ഉപകരണങ്ങൾ സ്ഥാപിക്കുന്നു. പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനായി ഡിജിറ്റൽ ടൂളുകളും ഒരുക്കുന്നു.
























***4. ആക്റ്റിവിറ്റി ഏരിയ/ സ്ലീപ്പിംഗ് ഏരിയ*** കുഞ്ഞുങ്ങൾക്ക് വിവിധങ്ങളായ കളികളിൽ/ റോൾ പ്ലേയിൽ ഏർപ്പെടാവുന്ന തരത്തിൽ പ്രത്യേക കളി മൂലകൾ ഒരുക്കുന്നു. ഉച്ചക്ക് ശേഷം ഉറങ്ങേ   ുന്ന കുഞ്ഞുങ്ങൾക്ക് അതിനുള്ള സൗകര്യവും ഒരുക്കൽ





Library Role Play House









*5. ഫർണിച്ചർ*


ആകർഷകമായ നിറങ്ങളിലുള്ള , ശിശു സൗഹൃദ ഫർണിച്ചർ (ടേബിൾ, കസേര, ബുക്ക് ഷെല്ഫ്, ഡസ്റ്റ് ബിൻ) ഒരുക്കുന്നു.










***6. അടുക്കള & ഡൈനിംഗ് ഏരിയ***

കുഞ്ഞുങ്ങൾക്ക് പോഷക സമൃദ്ധവും വൈവിധ്യവുമായ ഭക്ഷണം പാകം ചെയ്യാനും കഴിക്കാനുമുള്ള സൗകര്യങ്ങൾ ഒരുക്കൽ, പാത്രങ്ങൾ, സ്റ്റോറേജ് കറൈ നറുകൾ, മിക്സി,പ്ലേറ്റുകൾ തുടങ്ങിയവ വാങ്ങൽ , വാഷ് ഏരിയ സെറ്റ് ചെയ്യൽ– കുഞ്ഞുങ്ങൾക്ക്


കൈകൾ വൃത്തിയാക്കാനുതകുന്ന തരത്തിലും അവരുടെ ഉയരത്തിനനുസരിച്ചും വാഷ് ബേസിൻ സ്ഥാപിക്കൽ, ആകർഷകമായ നിറത്തിലുള്ള ടൗവ്വൽ, ബക്കറ്റ്, മഗ് തുടങ്ങിയവയും ഒരുക്കൽ. അടുക്കളയിൽ എൽ.പി.ജി കണക്ഷൻ അഭികാമ്യമാണ്.






*7. ബേബി ഫ്രൻഡ്‌ലി ടോയിലറ്റ് 30 sq ft*

ടോയിലറ്റ് ട്രെയിനിങ്ങിന് ഉതകുന്ന തരത്തിലും കുഞ്ഞുങ്ങളുടെ സൗകര്യത്തിനനുസൃതമായും ക്ലോസറ്റ്, ടൈൽ, വാഷ് ബേസിൻ, ബക്കറ്റ്, മറ്റ് സാനിട്ടറി വെയറുകൾ ഒരുക്കൽ; മുതിർന്നവർക്കും കുഞ്ഞുങ്ങൾക്കും പ്രത്യേകം സൗകര്യപ്പെടുത്തൽ.









***8.ഔട്ട് ഡോർ കളി ഉപകരണങ്ങൾ***

കുഞ്ഞുങ്ങൾക്ക് കളിക്കുവാൻ അങ്കണവാടിക്ക് പുറത്ത് സുരക്ഷിതമായ ഇടം ഒരുക്കുന്നു. ശാരീരിക, ചാലക മാനസിക വികാസത്തിനും,സൂക്ഷ്മ സ്തൂല പേശീ വികാസത്തിനും ഉതകുന്ന തരത്തിലുള്ള കളികൾ ആസൂത്രണം ചെയ്യാൻ ഇതു മുഖേന സാധിക്കുന്നു. അപായ സാധ്യതകൾ പരിശോധിച്ച ശേഷം അനുയോജ്യമായ തരം കളി ഉപകരണങ്ങൾ സ്ഥാപിക്കുന്നു.


**ആക്റ്റിവിറ്റി നിർമ്മിതികൾ**


ലഭ്യമായ സ്ഥലത്തിനനുസൃതമായി പ്രത്യേക നിർമ്മിതികൾക്ക് മുൻ ഗണന നല്കാവുന്നതാണ്




മിനി ടർഫ്, സീസോ, മെറിഗോ റൗ ്, ഊഞ്ഞാൽ തുടങ്ങിയവയും ഒരുക്കാം.













*9.ന്യൂട്രിഗാർഡൻ*






പെട്ടെന്ന് കായ്ഫലം ഉ ാകുന്ന തരം ചെടികൾ നട്ടു പിടിപ്പിക്കൽ( Like Rambuttaan, Vietnam early jackfruit, Guava,Custard apple etc.; all of which take hardly 1.5 years to fruit) ഡ്രിപ് ഇറിഗേഷനിലൂടെ അവയെ പരിപാലിക്കാൻ സംവിധാനം ഒരുക്കൽ. വെർട്ടിക്കൽ ഗാർഡൻ ഒരുക്കൽ.






അത്യാവശ്യത്തിനുള്ള പച്ചക്കറികൾ കൃഷി ചെയ്യുന്നതിനും, കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനും ന്യൂട്രിഗാർഡൻ നട്ടു പിടിപ്പിക്കുന്നു. വഴുതന, വെ , മുളക് , തക്കാളി തുടങ്ങിയ പച്ചക്കറികളും മുരിങ്ങ, ചീര പോലുള്ള ഇലക്കറികളും നട്ടു വളർത്തുന്നു.

*10. മതിൽ*

മതിലുകൾ ഇരു പുറവും കുട്ടികളെ ആകർഷിക്കും വിധം ചിത്ര പണികൾ കൊ ് അലങ്കരിക്കൽ, ഒരേ സമയം സുരക്ഷയും ആകർഷണീയതയും ഉറപ്പു വരുത്തുന്ന രീതിയിൽ മതിൽ ഒരുക്കൽ



ധനകാര്യ വിശകലനം

മുകളിൽ പറഞ്ഞിരിക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ ര ു ലക്ഷം രൂപ ബജറ്റിൽ തീർക്കാവുന്ന മോഡലുകൾ അനുബന്ധമായി നല്കിയിരിക്കുന്നു. കഴിഞ്ഞ 2 വർഷമായി മലപ്പുറം, കോഴിക്കോട്, പാലക്കാട്, വയനാട് ജില്ലകളിൽ നടന്ന അങ്കണവാടി നവീകരണ പ്രോജക്റ്റുകൾക്ക് വന്ന ചിലവ് ആധാരമാക്കിയാണ് ഈ പ്ലാനുകൾ തയ്യാറാക്കിയത്.

സംഘാടനം

വകുപ്പ് വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കി മതിയായ സൗകര്യമുള്ള എല്ലാ അങ്കണവാടികളുംൈ ***ചായം*** സെന്ററുകൾ ആക്കി മാറ്റാവുന്നതാണ്.

മോണിറ്ററിംഗ്

ശിശു വികസന പദ്ധതി ഓഫീസർ ഈ ഘടകങ്ങൾ ശിശു സൗഹൃദമാണെന്നും, കുഞ്ഞുങ്ങളുടെ സുരക്ഷക്ക് ഭീഷണിയാകുന്ന തരത്തിലുള്ള ഘടകങ്ങൾ ഉൾപ്പെടുന്നില്ല എന്നും ഉറപ്പാക്കേ താണ്.

## Reference


Photos of awc in Kerala, (viz. Malappuram, Palakkad, Waynad-2021)

*Playgro* Master Catalogue, ( 2018)

Photos sent through Whatsapp by Artco Palakkad

Google Images, (2021)

## അനുബന്ധം

 പ്ലാൻ -1

| Cmponent | Item | Quantity | Rate | Total Amount |
|---|---|---|---|---|
| Floor | Bisephanaol A (BPA) free Ethylene vinyl acetate RUGS. Child–friendly , attractive, Light weight,and Durable | 60 | 235 | 14,100/- |
| Wall | Painting with art, Child friendly, painting (Sky blue colour ) with theme based art work, includes numbers, alphabets, pictures | 1 | 28000 | 28,000/- |
| Indoor play equipments | Colourful smooth rocker/ ride on | 1 | 3000 | 3,000/- |
| | Number Knob boarfd, Ht 25 Cm, Width 35 Cm | 1 | 265 | 265/- |
| | Bead block set | 1 | 320 | 320/- |
| | Multi colour malayalam alphabet Set | 1 | 115 | 115/- |
| | Music system with Mike | 1 | 6800 | 6800/- |
| Activity area | Play junction, with fence | 1 | 9,800 | 9,800/- |
| Baby friendly Furniture | KIDNY Tble :- Child–friendly , attractive, Light weight,and Durable TABLE with Minimum size of length 135 Cm, width 75 Cm and height 50 Cm with strong,detachable 4 legs and antiskid rubber bush attached | 3 | 4000 | 12,000/- |
| | BABY CHAIR Fully single moulded, solid and extra strong, stackable with min. length of 33cm x WIDTH 39cm x HEIGHT 50cm. | 15 | 460 | 6,900/- |
| | 'A' shape teacher student shelf, multi colour stand and shelf fully detachable and adjustable | 2 | 7200 | 7200/- |
| Kitchen and Dining area | Wash basin | 1 | 2000 | 2,000/- |
| | Steel plate and glass | 1 | 1000 | 1,000/- |
| | Dust bin | 1 | 1800 | 1,800/- |
| Baby friendly Toilet | Closet, sanitary wares,Tile | 1 | 57500 | 57,500/- |
| | See _saw | 1 | 17200 | 17,200/- |

| | | | | |
|---|---|---|---|---|
| Out doorplay /equipments | Swing junior | 1 | 7000 | 7,000/- |
| | outdoor composter, contains following items: 1 Compost Bin ( 14 litres Each), tap , 1 packet of jaggery ,1 Filter,1 Compost maker Compost maker packet of 500 g, cocopeat of 650g. | 1 | | 6000/- |
| Nutrigarden | Contains PlanterPot ,pottig soil, with Drip Irrigation( small scale) kit, potting mix, garden tool kit and seed with pot & a fruit tree | 1 | 13000 | 13,000/- |
| Compound Wall | PAINTING WITH ART | | | 6000/- |

**Total – 2,00,000/-**

പ്ലാൻ -2

| Cmponent | Item | Quantity | Rate | Total Amount |
| --- | --- | --- | --- | --- |
| Floor | 700 Sq Ft flooring with Tile | 1 | 1,00,000 | 1,00,000/- |
| Wall & Compound wall | Painting with art, Child friendly, painting (Sky blue colour ) with theme based art work, includes numbers, alphabets, pictures (ENGLISH,MALYALAM) | | 28,000 | 28,000/- |
| Indoor play equipments | Colour daugh 12 piece set | 1 | 1500 | 1500/- |
| | Adjustable BASKET BALL Set, L 15INCH, W 20 INCH, HEIGHT 54 INCH | 1 | 1400 | 1400/- |
| Activity area | Activity wall (wall toys set) | 1 | 3800 | 3800/- |
| Baby friendly Furniture | BABY CHAIR Fully single moulded, solid and extra strong, stackable | 10 | 300 | 3000/- |
| | Bean shape Table | 2 | 3800 | 7600/- |
| Kitchen and Dining area | Mat | 2 | 850 | 850/- |
| | towel | 10 | 350 | 350/- |
| Baby friendly Toilet | Baby friendly, adjustable Toilet Training seat,with non-slip wide step | 1 | 1500 | 1500/- |
| Out door play equipments | Jumbo Sand Pit, buit into a corner , with steps and geometric shapes to sit n paly | 1 | 50,000 | 50,000/- |
| Nutrigarden | PLANTER POT,with seed/ plant | 10 | 2000 | 2,000/- |

**Total – 2,00,000/-**

പ്ലാൻ -3

| Cmponent | Item | Quantity | Rate | Total Amount |
|---|---|---|---|---|
| Floor | Bisephanaol A (BPA) free Ethylene vinyl acetate RUGS. Child–friendly , attractive, Light weight,and Durable | 60 | 235 | 14,100/- |
| Wall | Black Board green board | 1 | 4000 | 4000/- |
| Indoor play/ equipments | 32 INCH FULL HD SMART TV WITH ACTIVITY PENDRIVE. INCLUDES RHYMES , SONGS, STORIES, & INCLUDES SUPPORTING STAND AND FITTING | 1 | 15000 | 15000/- |
| Activity area | Role play house/ Library | 1 | 29000 | 29,000/- |
| Baby friendly Furniture | shelf, Toy bin | 1 | 4900 | 4,900/- |
| Kitchen and Dining area | Cooking Utensils, | | 5000 | 5,000/- |
| | Storage bin,shelf | | 20000 | 20,000/- |
| | Mixie | | | 2500/- |
| Baby friendly Toilet | Child friendly, colourful closet, Wash basin with print, child friendly sanitary wares | 1 | 50000 | 50,000/- |
| Out door play equipments | OUTDOOR FOOTBALL AND TURF PLAY AREA 5m LEGNTH x 2m WIDTH TURF with 2 small football post and ball. Child friendly, no | 1 | 28500 | 28,500/- |

| | | | | |
|---|---|---|---|---|
| | watering, no firtillizer, all year green round green, zero maitenance | | | |
| | Trampoline U SHAPE LEGS WITH SAFETY GUARD | 1 | 16,000 | 16,000/- |
| Nutrigarden | Vertical Garden CONTAINS 20 no.s small size pots, POTTING SOIL, and WITH POT STAND. | 1 | 5000 | 5000/- |
| Compound Wall | PAINTING WITH ART | 1 | 6000 | 6000/- |

**Total – 2,00,000/-**